കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏലൂർ നഗരസഭ - 2017-18 വാർഷികപദ്ധതി - പട്ടികവർഗക്കാർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പിലാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1294/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.05.2018.

വായന:- 1. ഏലൂർനഗരസഭാചെയർപേഴ്സന്റെ 17/03/2018 ലെ PWS-1314/18 നമ്പർ കത്ത് .

2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/03/2018 ലെ 4.64 നമ്പർ തീരുമാനം.

ഉത്തരവ്

ഏലൂർ നഗരസഭയുടെ 2017-18 വാർഷികപദ്ധതിയിൽ പട്ടികവർഗക്കാർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നം. SO393/18, പദ്ധതി അടങ്കൽ - 3,75,000/- രൂപ) ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ പദ്ധതിയിലേയ്ക്കായി ഊരുകൂട്ടം ഒരാളെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളുവെന്നും അദ്ദേഹത്തിന് റേഷൻ കാർഡില്ലാത്തതിനാൽ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും ഇയാൾക്ക് സ്ഥലം വാങ്ങാൻ അനുമതി നൽകണമെന്നും നഗരസഭാ ചെയർപേഴ്സൺ വായന(1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏലൂർ നഗരസഭയിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികവർഗക്കാർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നം. SO393/18, പദ്ധതി അടങ്കൽ - 3,75,000/- രൂപ) ഉൾപ്പെടുത്തി ഊരുകൂട്ടം തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താവിന് ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ വായന(2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചെയർപേഴ്സൺ, ഏലൂർ നഗരസഭ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ